"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫയർ &റെസ്ക്യൂ സർവ്വീസസ് - നിലവിൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ ആയ ശ്രീ.ശ്രീകാന്ത്.എം.എസ്സിന് ഫയർ & റെസ്ക്യൂ ഓഫീസർ പരിശീലനത്തിൽ നിന്നും വിട്ടുനിന്ന കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1548/2026/HOME തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:- അഗ്നിരക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 02.03.2026 ലെ FIREHQ/432/2026-E2 നമ്പർ കത്ത്

**ഉത്തരവ്**

30/10/2023 മുതൽ പോലീസ് വകുപ്പിൽ ജോലി നോക്കി വരവെ, ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിൽ ഫയർ & റെസ്ക്യൂ ഓഫീസർ (ട്രെയിനി) ആയി നിയമനം ലഭിച്ചതിനെത്തുടർന്ന് ശ്രീ. ശ്രീകാന്ത് എം.എസ്സ്, പോലീസ് വകുപ്പിൽ നിന്നും വിടുതൽ വാങ്ങി 20/08/2025 മുതൽ ആരംഭിച്ച 44-മത് ബാച്ച് ഫയർ & റെസ്ക്യൂ ഓഫീസർ പരിശീലനത്തിന് നിയോഗിക്കപ്പെടുകയും അനാരോഗ്യം നിമിത്തം 08/09/2025 മുതൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിശ്രമത്തിൽ തുടരുകയും പ്രസ്തുത ബാച്ചിൽ പരിശീലനത്തിൽ മതിയായ ഹാജർ ഇല്ലാത്തതിനാൽ അദ്ദേഹത്തെ ബാച്ച് ഔട്ട് ആക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ഫയർ & റെസ്ക്യൂ വകപ്പിൽ നിന്നും 09/01/2026 ന് വിടുതൽ വാങ്ങി മാതൃവകപ്പായ പോലീസ് വകുപ്പിൽ അദ്ദേഹം തിരികെ പ്രവേശിക്കുകയുണ്ടായി.

2. പോലീസ് വകുപ്പിൽ പുനഃപ്രവേശിച്ച ദിവസം മുതൽ പുതിയ സർവ്വീസായി കണക്കാക്കി പുതിയ പെൻ നമ്പർ നൽകി മാത്രമേ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ കഴിയൂ എന്ന് പോലീസ് വകുപ്പിൽ നിന്നും അറിയിച്ചതിനാൽ രണ്ടു വർഷത്തെ സർവ്വീസ് നഷ്ടപ്പെടുമെന്നുള്ള ശ്രീ.ശ്രീകാന്ത്.എം.എസ്സ്-ന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ഫയർ &റെസ്ക്യൂ വകുപ്പിൽ നിന്നും വിട്ടു നിന്ന 08/09/2025 മുതൽ 09/01/2026 വരെയുള്ള 124 ദിവസങ്ങൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി ആയി പരിഗണിക്കുന്നതിന് ഡയറക്ടർ ജനറൽ പരാമർശിത കത്ത് പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ ആയ ശ്രീ.ശ്രീകാന്ത്.എം.എസ് 8/9/2025 മുതൽ 09/01/2026 വരെ (124 ദിവസങ്ങൾ) ഫയർ & റെസ്ക്യൂ ഓഫീസർ പരിശീലനത്തിൽ നിന്നും വിട്ടു നിന്ന കാലയളവ്

ഡ്യൂട്ടിയായി കണക്കാക്കാൻ സാധിക്കാത്തതിനാൽ സർവ്വീസ് ബ്രേക്ക് ഒഴിവാക്കുന്നതിനായി പ്രസ്തുത കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ശ്രീകാന്ത്.എം.എസ് (ഡയറക്ടർ ജനറൽ, ഫയർ &റെസ്ക്യൂ സർവ്വീസസ് മുഖേന)
ധനകാര്യ വകുപ്പ് ( 3452548/Exp-B4/49/2026-Fin. )
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് (27.04.2026 ലെ ADV-A1/90/2026-PandARD പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reji K. P
സെക്ഷൻ ഓഫീസർ
Date: 05-05-2026 16:36:02